# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 569

12.06.2012 ൽ
മറുപടിക്ക്

### പൊതുമേഖലാ സ്ഥാപനങ്ങളുടെ ലാഭകരമായ നടത്തിപ്പ്

**ചോദ്യം**

ശ്രീ. അൻവർ സാദത്ത്
,, ഷാഫി പറമ്പിൽ
,, എ. റ്റി. ജോർജ്
,, ലൂഡി ലൂയിസ്

**ഉത്തരം**

ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് കൂടുതൽ പ്രവർത്തന സ്വാതന്ത്ര്യം നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഏതെല്ലാം മേഖലകളിലാണ് ഇത് പ്രാവർത്തികമാക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ;

(എ) ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) പൊതുമേഖലാ സ്ഥാപനങ്ങൾ ആധുനിക ആഗോള സാഹചര്യങ്ങൾക്കനുസൃതമായി മാറിയ അവസ്ഥയിൽ മാനേജ്മെന്റ് തലത്തിൽ വൈദഗ്ദ്ധ്യം ലഭിച്ചവരെ നിയമിക്കുവാനുള്ള നടപടികൾ സ്വീകരിക്കുമോ;

(ബി) നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) പൊതുമേഖലാ സ്ഥാപനങ്ങളുടെ ലാഭകരമായ നടത്തിപ്പിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

(സി) വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മികവുറ്റതാക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ ചുവടെ ചേർക്കുന്നു.

1. വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുന്നതിനും ആധുനികവൽക്കരണ പദ്ധതികൾക്കുമായി 2012-13 സാമ്പത്തിക വർഷത്തിൽ 70.20 കോടി രൂപ സർക്കാർ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്, അതിൽ നിന്നും തുക അനുവദിച്ചു വരുന്നു.
2. ടെക്സ്റ്റൈൽ മേഖലയുടെ സമഗ്ര പുനരുദ്ധാരണത്തിനായി 60 കോടി രൂപയുടെ പ്രത്യേക പാക്കേജ് ആവിഷ്ക്കരിച്ചു വരുന്നു.

3. സ്ഥാപനങ്ങളുടെ പ്രവർത്തന അവലോകന സംവിധാനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ഒരു ഇന്റർനെറ്റ് അധിഷ്ടിത വെബ്പോർട്ടൽ RIAB- ൽ സജ്ജമാക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി ദൈനംദിന മോണിട്ടറിംഗ് സംവിധാനം, മാസംതോറുമുള്ള റിപ്പോർട്ടിംഗ് സംവിധാനം എന്നിവ ശക്തിപ്പെടുത്തുകയും, കമ്പനികളുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച് നിർദ്ദേശങ്ങൾ നൽകുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തുകയും ചെയ്തു.

4. വ്യവസായവകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ജീവനക്കാരുടെ കാര്യക്ഷമത കൂട്ടുന്നതിനായുള്ള പരിശീലന പരിപാടികൾ RIAB- മുഖേനയും, കമ്പനി തലത്തിലും നടപ്പിലാക്കിവരുന്നു.

5. കൃത്യമായ വരവ് ചെലവ് കണക്കുകൾ അടിസ്ഥാനമാക്കുന്നതിനും ഉദ്യോഗസ്ഥരെ കൂടുതൽ ഉത്തരവാദിത്തമുള്ളവരാക്കുന്നതിനും വേണ്ടി കേന്ദ്ര പൊതുമേഖലയിൽ നടപ്പിലാക്കി വരുന്ന MoU- സംവിധാനം നടപ്പിൽ വരുത്തുന്നതാണ്.
പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം ലാഭകരമാക്കുന്നതിനും കാര്യക്ഷമത ഉറപ്പുവരുത്തുന്നതിനും ഡയറക്ടർ ബോർഡുകളിലും ഉയർന്ന തസ്തികകളിലും യോഗ്യതയും പരിചയസമ്പത്തും ഉള്ളവരെ ഉൾപ്പെടുത്താനും ഉദ്ദേശിക്കുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസ് ബോർഡ് രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

6. വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാസ്ഥാപനങ്ങളിൽ ഇടപാടുകളിൽ സുതാര്യതയും ഉത്തരവാദിത്തവും ഉറപ്പാക്കുന്നതിന് ഇലക്ട്രോണിക് പ്രൊക്യൂർമെന്റ് സംവിധാനം 2012-13 ൽ തന്നെ നടപ്പിലാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു.

7. പൊതുമേഖലാ സ്ഥാപനങ്ങളുടെ കണക്കുകൾ യഥാസമയം ക്രോഡീകരിച്ച് ഒരു സാമ്പത്തിക വർഷം കഴിഞ്ഞാലുടൻ ആഡിറ്റ് പൂർത്തിയാക്കാൻ വേണ്ടിയുള്ള ഇലക്ട്രോണിക്സ് സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടികളും സർക്കാർ സ്വീകരിച്ചു വരുന്നു.

8. വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളോട്, ഉൽപ്പാദന സൗകര്യ ങ്ങൾ നവീകരിക്കുന്നതിനുള്ള വ്യക്തമായ പദ്ധതികൾ സമർപ്പിക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ മാർക്കറ്റ് സർവേയുടെ അടിസ്ഥാനത്തിൽ വിപണി വിപുലപ്പെടുത്തുവാനുള്ള പദ്ധതികൾ നൽകുവാനും നിർദ്ദേശിച്ചിട്ടുണ്ട്.

ഇതു കൂടാതെ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനായി സർക്കാരിന്റെ ഒരു വർഷത്തെ കർമ്മപരിപാടികളിലുൾപ്പെടുത്തിയും പദ്ധതികൾ നടപ്പിലാക്കി വരുന്നു.

സെക്ഷൻ ഓഫീസർ